പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2695** — **27.01.2014** ൽ മറുപടിക്ക്

**കുട്ടനാട് പാക്കേജിൽ ജലസേചനവകുപ്പു മുഖേനനടപ്പിലാക്കേണ്ട പദ്ധതികൾ**

| | ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കുട്ടനാട് പാക്കേജിൽ ജലസേചനവകുപ്പു മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾക്ക് എത്ര തുകയാണു നീക്കി വെച്ചത്; | (എ) | കുട്ടനാട് പാക്കേജിൽ ജലസേചന വകുപ്പ് മുഖേന നടപ്പാക്കേണ്ട പദ്ധതികൾക്ക് 200 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം നീക്കിവെച്ചത്. |
| (ബി) | ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെന്നും, ഓരോ പദ്ധതിക്കും നീക്കിവെച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; | (ബി) & (സി) | കുട്ടനാട് പാക്കേജിൻ കീഴിൽ ജലവിഭവ വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ വെള്ളപ്പൊക്ക നിവാരണ പദ്ധതിയും 13-ാം ധനകാര്യകമ്മീഷൻ വഴിയും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളും അവയുടെ നിലവിലുള്ള സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇതിൽ ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും, ഓരോ പദ്ധതിക്കും ഇതിനോടകം എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | | |
| (ഡി) | കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ്; | (ഡി) | ജലവിഭവ വകുപ്പ് മുഖേന കേന്ദ്രസർക്കാരിന്റെ നിലവിലുള്ള ഫ്ളഡ് മാനേജ്മെന്റ് സ്കീമിൽ നിന്നുമാണ് ഫണ്ട് ലഭിക്കുന്നത്. ഈ സ്കീം ഇപ്പോൾ 2017 വരെയാണ് ഉള്ളത്. |
| (ഇ) | പാക്കേജിന്റെ കാലാവധി അവസാനിച്ചാലും പൂർത്തീകരിക്കപ്പെടാത്ത പദ്ധതികളുടെ പ്രവർത്തനത്തിനു ഫണ്ട് ലഭ്യമാക്കുന്നത് എങ്ങനെയെന്നു വിശദീകരിക്കുമോ? | (ഇ) | ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പ്രധാനമായും പാടശേഖര ങ്ങളുടെ പുറംബണ്ട് സംരക്ഷണമാണ്. ഇതിന്റെ സാധാരണയായി വരുന്ന പരിപാലനം പാടശേഖരസമിതിയും സമിതി മുഖേന നടപ്പിലാക്കാൻ പറ്റാത്തവർക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് ഫണ്ട് കണ്ടെത്തേണ്ടത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ (FMP)

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക (കോടി) | ചെലവഴിച്ച തുക | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|
| 1 | തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം | ഇല്ല | ഇല്ല | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 2 | തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം | ഇല്ല | ഇല്ല | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 3 | കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം | | | |
| 3.1 | കെ.ഇ.എൽ (1): നെടുമുടി പഞ്ചായത്തിൽപ്പെട്ട 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ | 13.8924 | 13.8924 | കേന്ദ്രഗഡു രണ്ടാം ഘട്ടം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയും മാർച്ച് 2014 വരെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി നീട്ടികിട്ടുന്നതിനുള്ള അപേക്ഷയും കേന്ദ്രസർക്കാരിന് (കേന്ദ്ര ജല കമ്മീഷൻ) സമർപ്പിച്ചിട്ടുണ്ട്. മൊത്തം 14 പ്രവൃത്തികൾ ഉള്ളതിൽ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. ഭൗതിക പുരോഗതി 80% ആണ്. |
| 3.2 | കെ.ഇ.എൽ (2): കായൽഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9-ൽ പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ | 59.9272 | 59.9272 | രണ്ടാം ഘട്ട കേന്ദ്രഗഡുവിനുള്ള അപേക്ഷയും ഡിസംബർ 2014 വരെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി നീട്ടികിട്ടു ന്നതിനുള്ള അപേക്ഷയും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഭൗതിക പുരോഗതി 55% ആണ്. |
| 3.3 | കെ.ഇ.എൽ (3) (ഫേസ്-1) : കുട്ടനാടൻ പ്രദേശത്തെ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ | 40.0222 | 17.4840 | ഡിസംബർ 2015 വരെ സമയപരിധി നീട്ടികിട്ടുന്നതിനുള്ള അപേക്ഷ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. |
| 3.4 | കുട്ടനാടൻ പ്രദേശത്തെ 397 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ | | | കെ.ഇ.എൽ (1), കെ.ഇ.എൽ (2), കെ.ഇ.എൽ (3) പദ്ധതികളിൽ ഉൾപ്പെടാത്തതും കുട്ടനാട് താലൂക്കിൽ ഉൾപ്പെടുന്നതുമായ പാടശേഖരങ്ങൾ മാത്രം സംയോജിപ്പിച്ച് പദ്ധതി രേഖ തയ്യാറാക്കി വരുന്നു. പ്രവർത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | ഓണാട്ടുകര പ്രദേശത്തെ തോടുകൾ, കുളങ്ങൾ മുതലായ വയുടെ പുനരുദ്ധാരണവും നവീകരണവും. | 15.00 | ഇല്ല | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ഡിസംബർ 2015 വരെ പദ്ധതി ദീർഘിപ്പിക്കാനുള്ള അപേക്ഷ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

## 13-ാം ധനകാര്യ കമ്മീഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക (കോടി) | ഉപയോഗിച്ച തുക (കോടി) | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|
| 1 | എ.സി. കനാൽ വിപുലീകരിച്ച് പ്രളയ-ജല-നിർഗമനം സുഗമമാക്കൽ | 5.00 | ഇല്ല | മനയ്ക്കച്ചിറ മുതൽ പള്ളാത്തുരുത്തി വരെയുള്ള എ.സി. കനാലിന്റെ നവീകരണം 3 ഘട്ടങ്ങളായി നടപ്പാക്കുന്നതിനായി തീരുമാനിച്ചു.<br>ഘട്ടം - 1: മനയ്ക്കച്ചിറ മുതൽ ഒന്നാംകര വരെയുള്ള ഭാഗം - 11.78 കി.മീ.<br>20.69 കോടി രൂപയ്ക്ക് പദ്ധതി റിപ്പോർട്ടിന് അംഗീകാരം ലഭിച്ചു. 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വഴി നടപ്പാക്കാൻ അനുമതി ലഭിച്ചു. 5.8 കോടി രൂപയ്ക്ക് ആഴം കൂട്ടൽ പ്രവർത്തിക്ക് ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പ്രവർത്തികൾ പുരോഗമിക്കുന്നു. |
| | | | | ഘട്ടം - 2: ഒന്നാം കര മുതൽ നെടുമുടി വരെയുള്ള ഭാഗം - 3.42 കി.മീ.<br>രണ്ടാം ഘട്ടത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. (എസ്റ്റിമേറ്റ് തുക 45 കോടി (ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ) ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.<br>ഘട്ടം - 3: നെടുമുടി മുതൽ പള്ളാത്തുരുത്തി വരെയുള്ള ഭാഗം - 5.13 കി.മീ.<br>1 ഉം 2 ഉം ഘട്ടങ്ങൾ പൂർത്തിയാക്കി കാര്യക്ഷമത വിലയിരുത്തിയ ശേഷം മാത്രം ഏറ്റെടുക്കും. |
| 2 | തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെ ഉള്ള ബ്രിഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം | 20.00 | 20.00 | എസ്റ്റിമേറ്റ് തുക - 25.20 കോടി<br>പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഭൗതിക പുരോഗതി 90%. ടി പ്രവൃത്തിയുടെ നിർമ്മാണം ജനുവരി 2014 - ൽ പൂർത്തീകരിക്കുന്നതാണ്. |
| 3 | ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററുകളുടെ പുനരുദ്ധാരണം | 4.72 | 0.0451 | എ) പട്ടണക്കാട് പഞ്ചായത്തിലെ അന്ധകാരനഴി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനർ നിർമ്മാണവും പുനഃരുദ്ധാരണവും.<br>എസ്റ്റിമേറ്റ് തുക - 3.35 കോടി<br>പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br>ബി) എഴുപുന്ന പഞ്ചായത്തിലെ പേനാടി റെഗുലേറ്ററിന്റെ പുനർനിർമ്മാണവും പുനഃരുദ്ധാരണവും എസ്റ്റിമേറ്റ് തുക - 0.9 കോടി<br>പ്രസ്തുത പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>സി) കുത്തിയതോട് പഞ്ചായത്തിലെ പുല്ലുവേലി റെഗുലേറ്ററിന്റെ പുനർനിർമ്മാണവും പുനഃരുദ്ധാരണവും<br>എസ്റ്റിമേറ്റ് തുക - 0.84 കോടി<br>പ്രസ്തുത പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>ഡി) വയലാർ പഞ്ചായത്തിലെ ചാത്തൻചിറ തോട്ടിലെ ചാത്തൻചിറ പാലത്തിനു സമീപം മടയുടേയും സംരക്ഷണ ഭിത്തിയുടെയും നിർമ്മാണം. പ്രവൃത്തി പൂർത്തീകരിച്ചു.<br>എസ്റ്റിമേറ്റ് തുക - 0.05 കോടി |